**അടിയന്തിരം**

നമ്പർ: **F4/12134/14.**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 12-01-2015

**സർക്കുലർ**

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - MGP - സേവന പ്രദാന പദ്ധതി - ധന വിനിയോഗം സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച്.

സൂചന :- സർക്കാരിന്റെ 15-07-2014 - ലെ 938/C3/14/SJD നമ്പർ കത്ത്.

എം. ജി. പി സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പിൽ നിന്നും 1102 അങ്കണവാടികളും, 48 ക്ഷേമ സ്ഥാപനങ്ങളേയും തിരഞ്ഞെടുത്തിരുന്നു. ഇതിനാവശ്യമായ ഫണ്ട് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അനുവദിച്ചിരുന്നു. ഇപ്രകാരം അനുവദിച്ചിരുന്ന തുകയുടെ കൃത്യമായ ധന വിനിയോഗ സർട്ടിഫിക്കറ്റ് നൽകുവാൻ സർക്കാർ നിർദേശം നൽകിയിരിക്കുകയാണ്. ആയതിൽ ഇതുമായി ബന്ധപ്പെട്ടുള്ള ഒരു മീറ്റിംഗ് 21.01.2015-ന് വൈകുന്നേരം 3 മണിയ്ക്ക് ഡയറക്ടറേറ്റിൽ വച്ച് നടത്തുകയാണ്. ഈ മീറ്റിംഗിൽ താങ്കൾ കൃത്യമായും പങ്കെടുക്കേണ്ടതാണ്. അനുവദിച്ചിരുന്ന തുക വിനിയോഗിച്ചത് സംബന്ധിച്ചുള്ള കൃത്യമായ ധന വിനിയോഗ സർട്ടിഫിക്കറ്റ് കൊണ്ട് വരേണ്ടതാണ്. അങ്കണവാടി കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഐ. സി. ഡി. എസ് പ്രോജക്ടുകളിൽ നിന്നും, ക്ഷേമ സ്ഥാപനങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട സൂപ്രണ്ടുമാരിൽ നിന്നും ശേഖരിച്ചുള്ള കൃത്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കൊണ്ടു വരേണ്ടതാണ്. ഇക്കാര്യത്തിനായി പ്രോഗ്രാം ഓഫീസർമാരുടെ സേവനം കൂടി ലഭ്യമാക്കാവുന്നതാണ്.

വിശ്വസ്തതയോടെ

Hari Kumar MB

**സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി**

Performa - 1

"ഭരണഭാഷ - മാതൃഭാഷ"

## ഭരണ നവീകരണ പദ്ധതി (MGP)
## സേവന പ്രദാന പദ്ധതി (SDP)
## പൂർത്തിയാകാത്ത പദ്ധതികളെക്കുറിച്ചുള്ള വിവരം

| ക്രമ നം. | ICDS പ്രോജക്ട്/ ക്ഷേമ സ്ഥാപനത്തിന്റെ പേര് | ഭരണാനുമതി ലഭിച്ചെങ്കിലും ആരംഭിക്കാത്ത പദ്ധതികൾ എത്ര | ആരംഭിച്ചവയിൽ പൂർത്തിയാകാത്ത പദ്ധതികൾ എത്ര | പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ/ ഘട്ടം | പദ്ധതിയ്ക്കു വേണ്ടി ഭരണാനുമതി ലഭിച്ച തുക | ലഭിച്ച തുക/ അനുവദിച്ച തുക | ചെലവായ തുക | പദ്ധതി പൂർത്തിയാകാത്തതിനുള്ള കാരണം |
|---|---|---|---|---|---|---|---|---|
| | | | | | | | | |

3441996
GOVERNMENT OF KERALA

PROFORMA - 2

<u>ഭരണപദ്ധതി (MGP)</u>

<u>സേവന പ്രദാന പദ്ധതി (Service Delivery Project SDP)</u>

<u>പദ്ധതികളെക്കുറിച്ചുള്ള വിവരം.</u>

| ക്രമ. നം. | ICDS Project/ ക്ഷേമസ്ഥാപനത്തിന്റെ പേര് | അനുവദിക്കപ്പെട്ട പദ്ധതികളുടെ ആകെ എണ്ണം | പൂർത്തിയായ പദ്ധതികളുടെ ആകെ എണ്ണം | പൂർത്തിയാകാത്ത പദ്ധതികളുടെ ആകെ എണ്ണം | ജില്ലാതലത്തിൽ വാങ്ങലുകൾ (Procurement) നടത്തി സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വാങ്ങലുകൾക്കു ചിലവായ ആകെ തുക | അഭിപ്രായം. |
|---|---|---|---|---|---|---|
| | | | | | | |

PROTOK/MD-13

<u>ഭരണ നവീകരണ പദ്ധതി (MGP)</u>
<u>സേവന പ്രദാന പദ്ധതി (Service Delivery Project)</u>
<u>ധനവിനിയോഗം</u>

| ക്രമ നം. | ജില്ല | സാമ്പത്തിക വർഷം | SDP പദ്ധതിക്കു വേണ്ടി അനുവദിച്ച തുക | ചെലവായ തുക | സറണ്ടർ ചെയ്ത തുക | അഭിപ്രായം |
|---|---|---|---|---|---|---|
| | | 2005-2006 | | | | |
| | | 2006-2007 | | | | |
| | | 2007-2008 | | | | |

## അടിക്കുറിപ്പ്

ആരംഭിക്കാത്തതും പൂർത്തിയാകാത്തതുമായ ഓരോ പദ്ധതിയെക്കുറിച്ചുള്ള സംക്ഷിപ്തമായ നോട്ട് അനുബന്ധമായി ചേർക്കണം. പ്രസ്തുത നോട്ടിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം.

1. അങ്കണവാടി നം./ICDS പ്രോജക്ടിന്റെ പേര്
2. സ്ഥാപനത്തിന്റെ പേര്
3. ആരംഭിക്കാത്ത / പൂർത്തിയാകാത്ത പദ്ധതിയുടെ പേര്
4. പൂർത്തിയാകാത്തതിനുള്ള കാരണം
5. ഭരണാനുമതി ലഭിച്ച തുക
6. ഇതുവരെ ചെലവായ തുക

സാമൂഹ്യനീതി ഡയറക്ടർ

...RNMENT OF KERA...